# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2854 06.11.2019-ലെ മറുപടി

### വളാഞ്ചേരി നഗരസഭയുടെ ഉയർന്ന പ്രദേശങ്ങളിൽ കടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | വളാഞ്ചേരി നഗരസഭ ചെയർപേഴ്സൺ നൽകിയ 845/M(WR)/2019, 844/M(WR)/2019 എന്നീ നമ്പരിലുള്ള ഫയലുകളിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) | വളാഞ്ചേരി നഗരസഭ ചെയർപേഴ്സൺ നല്കിയ നിവേദനം 08/08/2019-ലെ സർക്കാർ കത്ത് നം.WS- C3/255/2019-WRD മുഖേന വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി എം.ഡി, കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | വളാഞ്ചേരി നഗരസഭയുടെ ഉയർന്ന പ്രദേശങ്ങളിൽ കടിവെള്ളം എത്തിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | ഇരിമ്പിളിയം വളാഞ്ചേരി കുടിവെള്ള പദ്ധതി ഇരിമ്പിളിയം പഞ്ചായത്തിൽ 2009 ലും അന്നത്തെ വളാഞ്ചേരി പഞ്ചായത്തിൽ (ഇന്നത്തെ വളാഞ്ചേരി മുനിസിപ്പാലിറ്റി) 2010 ലും ആണ് കമ്മീഷൻ ചെയ്തത്. ആളോഹരി 70 ലിറ്റർ വെള്ളം നൽകാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ എല്ലാ ഉയർന്ന പ്രദേശങ്ങളിലേക്കും തിരുനാവായ പദ്ധതിയിൽ നിന്നും ജലവിതരണം സാങ്കേതികമായി സാധ്യമല്ലാത്തതിനാൽ കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എടയൂർ കുടിവെള്ള പദ്ധതിയിൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെയും ഇരിമ്പിളിയം പഞ്ചായത്തിലേയും സർവ്വീസ് ലെവൽ (കൂടുതൽ ജലം ലഭ്യമാക്കൽ) കൂട്ടുന്നത് കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>പ്രസ്തുത പദ്ധതിക്ക് സർക്കാരിൽ നിന്നും 53.40 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം ലഭ്യമാക്കി, ഉത്തരവ് നമ്പർ WRD 025-14-PA-01 തീയതി 14/06/2018 പ്രകാരം കിഫ്ബിയിൽ നിന്നും 47.21 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ 26 എം.എൽ.ഡി. ജലശുദ്ധീകരണശാല, 10.8 LL സമ്പ്, ഉപരിതല ജല സംഭരണി, ഭൂതല ജലസംഭരണി, റോ വാട്ടർ പമ്പിങ്ങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ്സെറ്റ്സ്, സബ്സ്റ്റേഷൻ ബിൽഡിംഗ്, ട്രാൻസ്ഫോർമർ, വിതരണശൃംഖല എന്നിവ വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിനായി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. രണ്ടും മൂന്നും പാക്കേജുകളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഉയർന്ന പ്രദേശങ്ങളിൽ നിലവിലുള്ള പൈപ്പ് ലൈനുകളിലെല്ലാം വെള്ളം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.. |
| സി) | വളാഞ്ചേരി-ഇരിമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; കിഫ്ബി വഴിയുള്ള പ്രസ്തുത പദ്ധതി സംബന്ധിച്ച് വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | പ്രസ്തുത പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>**പാക്കേജ് 1**- നിലവിലുള്ള കിണറിന്റെ പുനരുദ്ധാരണം, 26 എം.എൽ.ഡി ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ, പമ്പിംഗ് മെയിൻ, 10.8 ലക്ഷം ലിറ്റർ സമ്പ്, 25.2 ലക്ഷം ലിറ്റർ ഉപരിതല സംഭരണി, 23 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, സബ്സ്റ്റേഷൻ ബിൽഡിംഗ് എന്നിവ. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ പരിശോധനയിലാണ്. ടി ടെണ്ടറിൽ ഉൾപ്പെട്ട ജലശുദ്ധീകരണശാലയുടെ സാങ്കേതിക വിദ്യയെക്കുറിച്ച് ചില വിശദീകരണങ്ങൾ ചീഫ് എഞ്ചിനീയറോട് ആരായുകയും ആയതിനുള്ള മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അത് പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>**പാക്കേജ് 2**- എടയൂർ പഞ്ചായത്തിനുള്ള ജലവിതരണ ശൃംഖല<br>**പാക്കേജ് 3**- ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നീ പ്രവൃത്തികൾ<br>പാക്കേജ് രണ്ടിന്റെയും മൂന്നിന്റെയും സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പാക്കേജ് ഒന്നിന്റെ അംഗീകാരത്തിനു ശേഷം മാത്രമേ രണ്ടിന്റെയും മൂന്നിന്റെയും സാങ്കേതിക അനുമതി നല്കാൻ സാധിക്കുകയുള്ളൂ. |
| ഡി) | ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി പ്രവീണയുടെ 1231/M(WR)/VIP/2019 നമ്പർ നിവേദനത്തിലും നജാത്തുൽ ഇസ്ലാം സഭ സെക്രട്ടറിയുടെ 1224/M(WR)/VIP/2019 നമ്പർ നിവേദനത്തിലും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 1228/M(WR)/VIP/2019 നമ്പർ നിവേദനത്തിലും ചീഫ് എഞ്ചിനിയർ ഭരണവിഭാഗം സ്വീകരിച്ച നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ? | | ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി പ്രവീണ,നജാത്തുൽ ഇസ്ലാം സഭ സെക്രട്ടറി, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ നിവേദനങ്ങൾ വിശദമായ റിപ്പോർട്ടിനായി ജലസേചനവും ഭരണവും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് നല്കിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ